സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി അവശ്യസാധനങ്ങൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിതരണം നടത്തിവരുന്നു.

നീതി സ്റ്റോറുകൾ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴിയും പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തിവരുന്നു.

(ബി) സർക്കാരിന്റെ ഇടപെടൽമൂലം പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനഫലപ്രദമായി തടയുവാൻ കഴിഞ്ഞിട്ടുണ്ട്. വിശദമായ വിലവിവരപ്പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ്

39 [2008] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ് നിലവിൽ വന്നാൽ സംസ്ഥാനത്ത് ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ ആനുകൂല്യങ്ങൾ നഷ്ടമാകുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര പേരാണ് റേഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതെന്നും ദാരിദ്ര്യരേഖാ ലിസ്റ്റിന്റെ സാമ്പിൾ സർവ്വേ അനുസരിച്ച് എത്ര പേർക്കാണ് റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) 2001 ഏപ്രിൽ മാസത്തിൽ സംസ്ഥാനത്ത് എത്ര റേഷൻ കടകൾ പ്രവർത്തിച്ചിരുന്നുവെന്നും ഇപ്പോൾ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല.

(സി) ഇപ്പോൾ സംസ്ഥാനത്തെ 1.02 കോടി ജനങ്ങൾ റേഷൻ സാധനങ്ങൾ വാങ്ങുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ദാരിദ്ര്യരേഖാ ലിസ്റ്റിന്റെ സാമ്പിൾ സർവെ അനുസരിച്ച് എത്ര പേർക്ക് റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുമെന്നതിന്റെ കണക്കുകൾ ലഭ്യമല്ല.

(ഡി) ഇപ്പോൾ 14131 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. 2001 ഏപ്രിൽ മാസത്തിലെ കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly